No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സ് പ്രവേശനം–2017 ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കും, സർക്കാർ ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കും പ്രവേശനത്തിനായി **23.06.2017** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചിട്ടുണ്ട്. ഓൺലൈൻ ഓപ്ഷൻ സമർപ്പണത്തിനുള്ള സമയം **29.06.2017, 3 pm** വരെയായി ദീർഘിപ്പിച്ചു. **27.06.2017** വരെ ലഭ്യമായ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ട്രയൽ അലോട്ട്മെന്റ് **28.06.2017** ന് പ്രസിദ്ധീകരിക്കുന്നതാണ്. **29.06.2017, 3 pm** വരെ ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാം അലോട്ട്മെന്റ് **30.06.2017** ന് പ്രസിദ്ധീകരിക്കുന്നതാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ കഴിയുന്നതല്ല.

തിരുവനന്തപുരം
27.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**